"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന വകുപ്പ് - എൻ.എഫ്.ഡബ്ല്യു.എഫ്. ഭവന നിർമ്മാണ പദ്ധതി (2005-06) ഗുണഭോക്താവായ ശ്രീ.രമണൻ, കന്നത്ത് പറമ്പ്, പള്ളിപ്പുറം എന്നയാൾ ഭവന നിർമ്മാണത്തിന് കൈപ്പറ്റിയ 40,000/- രൂപ പലിശ ഒഴിവാക്കി തിരിച്ചടയ്ക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.159/2024/F&P തീയതി,തിരുവനന്തപുരം, 13-03-2024

---

പരാമർശം:- ഫിഷറീസ് ഡയറക്ടറുടെ 17/02/2024 തീയതിയിലെ ഡി.എഫ്.ടി.വി.എം/670/2024-എൻ 1 നമ്പർ കത്ത്

**ഉത്തരവ്**

ഫിഷറീസ് വകുപ്പ് 2005-2006 സാമ്പത്തിക വർഷം നടപ്പിലാക്കിയ എൻ.എഫ്.ഡബ്ല്യു.എഫ്. ഭവന നിർമ്മാണ പദ്ധതിയുടെ ഗുണഭോക്താവായ ശ്രീ.രമണൻ, കുന്നത്ത് പറമ്പ്, പള്ളിപ്പുറം എന്നയാൾ 10.10.2005 തീയതിയിൽ ഫിഷറീസ് വകുപ്പുമായി കരാറിൽ ഏർപ്പെട്ട് 20,000/- രൂപ വീതം രണ്ട് ഗഡുക്കളായി 40,000/- രൂപ ധനസഹായം കൈപ്പറ്റിയിട്ടുള്ളതായും, ടിയാൻ വകുപ്പുമായി കരാറിൽ ഏർപ്പെട്ട1 0.10.2005 മുതൽ അപേക്ഷ സമർപ്പിച്ച 29.09.2023 തീയതി വരെയുള്ള 17 വർഷം 1 മാസം, 19 ദിവസത്തെ സർക്കാർ നിഷ്കർഷിക്കുന്ന പലിശ കണക്കാക്കുമ്പോൾ 1,29,285/- രൂപ ഒടുക്കേണ്ടി വരുമെന്നും വകുപ്പിൽ നിന്ന് കൈപ്പറ്റിയ 40,000/- രൂപയും ചേർത്ത് ആകെ 1,69,285/- രൂപയാണ് ടിയാൻ തിരിച്ചടക്കേണ്ടതായിട്ടുള്ളതെന്നും ഫിഷറീസ് ഡയറക്ടർ പരാമർശ പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ, ടിയാന് പലിശ ഉൾപ്പെടെ 1,69,285/- രൂപ ഒടുക്കുന്നതിന് പ്രയാസമായതിനാൽ ആയത് ഒഴിവാക്കി നൽകണമെന്ന് അപേക്ഷിച്ചിട്ടുണ്ടെന്നും, ആയതിനാൽ ധനസഹായമായി കൈപ്പറ്റിയ 40,000/- രൂപ മാത്രം ഒടുക്കി ആധാരം തിരികെ നൽകുന്നതിനുള്ള അനുമതി നൽകണമെന്നും ഫിഷറീസ് ഡയറക്ടർ പരാമർശം പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഫിഷറീസ് ഡയറക്ടറുടെ ശിപാർശ പരിഗണിച്ച്, മാനുഷിക പരിഗണന നൽകി, എൻ.എഫ്.ഡബ്ല്യു.എഫ്. ഭവന നിർമ്മാണ പദ്ധതി (2005-06)യുടെ ഗുണഭോക്താവായ ശ്രീ.രമണൻ, ഭവന നിർമ്മാണ ധനസഹായമായി കൈപ്പറ്റിയ 40,000/- രൂപ പലിശ ഒഴിവാക്കി തിരിച്ചടയ്ക്കുന്നതിനുള്ള അനുമതി നൽകിയും, ടി തുക തിരിച്ചടച്ചു കഴിയുമ്പോൾ ആധാരം തിരികെ നൽകുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SIVADAS B

അണ്ടർ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്) കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (എ & ഇ) കേരളം, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Sabitha Sadasivan**
**Date: 13-03-2024 11:49:58**
**Reason: Approved**

സെക്ഷൻ ഓഫീസർ